പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1197** **05-03-2020 ൽ മറുപടിക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞ റവന്യൂ ഭൂമിയിന്മേലുള്ള പാട്ടക്കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞതും കോടികൾ വിലമതിക്കുന്നതുമായ റവന്യൂ ഭൂമി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഹെക്ടർവീതം റവന്യൂ ഭൂമി ഈ വിധം കൈവശപ്പെടുത്തിയിട്ടുണ്ടെന്നറിയിക്കുമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) പാട്ടക്കുടിശ്ശിക ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപ ഇതിനകം ലഭിക്കേണ്ടതായിട്ടുണ്ട്; പാട്ടക്കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾ വ്യക്തികൾ ഇവർ ഏതെല്ലാമാണെന്നും ഓരോരുത്തരുടെയും പാട്ടക്കുടിശ്ശിക എത്രയാണെന്നും എത്ര വർഷത്തെ കുടിശ്ശികയാണ് ഓരോരുത്തരും അടക്കുവാനുള്ളതെന്നും ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ; | (സി) പാട്ടകുടിശ്ശികയായി ഉദ്ദേശം 1155 കോടിയോളം രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. പാട്ടകുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ വ്യക്തികൾ എന്നിവരുടെ വിശദാംശം ശേഖരിച്ചു വരുന്നു. |
| (ഡി) അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചുപിടിക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ? | (ഡി) പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനും അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചെടുക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള കേസുകളിൽ ഓരോ ജില്ലകളിലെയും പാട്ടകക്ഷികൾക്ക് നിയമാനുസൃത നോട്ടീസ് നൽകി ജില്ലാ കളക്ടർ നേരിൽ കേട്ട് പാട്ടകുടിശ്ശിക തിട്ടപ്പെടുത്തി ആയത് ഒടുക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകുകയും പാട്ടകക്ഷികൾ |

അവ അടയ്ക്കാത്തപക്ഷം പാട്ടം റദ്ദ് ചെയ്ത് പാട്ട ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് ആവശ്യമായ ശുപാർശ സമർപ്പിക്കുന്നതിനും കുടിശ്ശിക്കാർക്കെതിരെ കേരള റവന്യൂ റിക്കവറി നിയമപ്രകാരവും കേരള ഭൂസംരക്ഷണ നിയമപ്രകാരവുമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം 15.02.2020 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ (പി) 16/2020/ആർ.ഡി, ജി.ഒ (പി) 17/2020/ആർ.ഡി എന്നീ ഉത്തരവുകൾ പ്രകാരം പാട്ടകുടിശ്ശിക ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിലൂടെ തീർപ്പാക്കി കുടിശ്ശിക പുനർനിർണ്ണയം നടത്തി ഈടാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാകുന്നു.

**സെക്ഷൻ ഓഫീസർ**